പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 374 06.03.2012 ൽ മറുപടിയ്ക്ക്

മോഡൽ സെക്ഷൻ പരിഷ്കാരത്തിലെ അപാകതകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.എ.റ്റി.ജോർജ്<br>ശ്രീ.വർക്കല കഹാർ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ മന്ത്രി) |
| (എ) മുൻ സർക്കാർ നടപ്പാക്കിയ മോഡൽ സെക്ഷൻ പരിഷ്കാരങ്ങൾക്ക് അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ബി) പ്രധാനപ്പെട്ട അപാകതകൾ എന്തെല്ലാമാണ് ; ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (എ) & (ബി) സെക്ഷൻ ഓഫീസുകളിലെ ഫീൽഡ് ജീവനക്കാർക്ക് പ്രത്യേക സെന്ററുകൾ അനുവദിച്ച നൽകിയിട്ടില്ലാത്തതുമൂലം ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നതായും അപകടങ്ങൾ ഉണ്ടാകുമ്പോൾ ഉദ്യോഗസ്ഥരിൽ ഉത്തരവാദിത്വം കൽപിക്കാൻ ബുദ്ധിമുട്ട് ഉണ്ടാകുന്നതായും ചില സെക്ഷനുകളിൽ ഫ്യൂസ് ഓഫ് കോളുകളും ബ്രേക്ക് ഡൗണുകളും പരിഹരിക്കാൻ ബ്രേക്ക് ഡൗൺ വിംഗിലെ ജീവനക്കാർ കൂട്ടമായി സെക്ഷനിലെ വാഹനത്തിൽ പോകുന്നതുമൂലവും സെക്ഷനുകളിലെ വിസ്തൃതികൂടുതൽ മൂലവും പരാതികൾ യഥാസമയം പരിഹരിക്കാൻ കാലതാമസം നേരിടുന്നതായുമുള്ള കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതൊഴിവാക്കുന്നതിനായി വിവിധ സ്ഥലങ്ങളിൽ ഉണ്ടാകുന്ന പരാതികൾ ഒരേ സമയം പരിഹരിക്കുന്നതിനായി ബ്രേക്ക് ഡൗൺ വിഭാഗത്തിൽ തൽസമയം ഡ്യൂട്ടിയിലുള്ള സ്റ്റാഫിനെ വിവിധ ഗ്രൂപ്പുകളായി തിരിച്ച് പരാതികൾ പരിഹരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഏരിയ കൂടുതലുള്ള സെക്ഷനുകളിൽ |

(...........2)

ലൈൻമാൻമാരെ അധികമായി നിയമിക്കാനും അനുവാദം നൽകിയിട്ടുണ്ട്. നിലവിലുള്ള മോഡൽ സെക്ഷൻ സമ്പ്രദായം പരിശോധിച്ച് അപാകതകൾ ഉണ്ടെങ്കിൽ റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശവും നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ